പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2951 22.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ: | | | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ സഹായത്തോടെ കേരളത്തിൽ നടത്തുന്ന എല്ലാ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടേയും ഏകോപനത്തിനും മേൽനോട്ടത്തിനുമായി രൂപീകരിച്ചിട്ടുള്ളതാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ്. രാജ്യത്ത് ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്നതും പിന്നോക്ക അവസ്ഥയുള്ളതുമായ ജില്ലകളുടെ സമഗ്ര വികസനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന ഗവണ്മെന്റിന്റെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. കൂടാതെ പന്ത്രണ്ടാം പദ്ധതിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ കൂടി പരിഗണിക്കുമെന്നറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ (MCB) കേരളത്തിൽ നിന്നും 50 ബ്ലോക്കുകൾ കണ്ടെത്തി പദ്ധതിയുടെ പ്രയോജനം കൂടുതൽ വ്യാപകവും ഉപയോഗപ്രദവുമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുള്ള ഓഫീസ് സംവിധാനങ്ങൾ എന്തെല്ലാമാണ്; | (ബി) | ന്യൂനപക്ഷക്ഷേമം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ എത്തിക്കുവാനുതകുന്ന രൂപത്തിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ന്യൂനപക്ഷ സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ന്യൂനപക്ഷക്ഷേമ വകുപ്പ് വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (സി) | ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപ്പന്റും നൽകുന്ന 'സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് സ്കീം' ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇപ്പോൾ പത്താംതരത്തിൽ പഠിക്കുന്ന ന്യൂനപക്ഷ BPL വിദ്യാർത്ഥികൾക്ക് പഠന മേശയും കസേരയും വിതരണം ചെയ്തുവരുന്നു. കൂടാതെ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്ക് പരിശീലനം നൽകുന്ന കോച്ചിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.